<u>15 -ാം കേരള നിയമസഭ</u>

<u>4 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2107</u> <u>16-03-2022 - ൽ മറുപടിയ്ക്ക്</u>

<u>സിൽവർലൈൻ പദ്ധതിയും പ്രതിഷേധ സമരങ്ങളും</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർലൈൻ പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ പാറയും മണലും കേരളത്തിൽ നിന്ന് ലഭ്യമല്ലെന്നും ഇവ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ലഭ്യമാക്കണമെന്നും കെ-റെയിൽ അധികൃതർ വ്യക്തമാക്കിയ സാഹചര്യത്തിൽ ഇക്കാര്യത്തിൽ നേരിടേണ്ടിവരുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | നിർമ്മാണത്തിന് ആവശ്യമായ പ്രകൃതിവിഭവങ്ങൾ വിവിധ കേന്ദ്രങ്ങളിൽ നിന്നും സമാഹരിക്കാനാകും. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ ഇത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതി ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾക്കും ഇത്തരത്തിൽ പ്രകൃതി വിഭവ സമാഹരണം ആവശ്യമായി വന്നിട്ടുണ്ട്. റോഡ് നിർമ്മാണത്തിനു ശേഷം ആവശ്യമായി വരുന്ന വീതി കൂട്ടൽ പോലുള്ള വികസനത്തിനും, പരിപാലനത്തിനും ആവർത്തന ചെലവ് അനിവാര്യമാണ്. എന്നാൽ സിൽവർ ലൈൻ പോലുള്ള റെയിൽവേ പദ്ധതികൾക്ക് ഉത്തരത്തിലുള്ള ആവർത്തന ചെലവ് ആവശ്യമായി വരാത്തതിനാൽ പ്രകൃതി വിഭവങ്ങളുടെ ഉപയോഗം താരതമ്യേന കുറവാണ്. ഇന്ത്യൻ ഗ്രീൻബിൽഡിംഗ് കൗൺസിലിന്റെ പ്ലാറ്റിനം റേറ്റിംഗ് നിലവാരത്തെ ആസ്പദമാക്കി ഹരിത പ്രോട്ടോക്കോൾ അവലംബിക്കുന്നതിനാൽ സാധാരണ ഇത്തരം നിർമ്മാണ പ്രക്രിയയ്ക്ക് വിനിയോഗിക്കേണ്ടിവരുന്നത്ര പ്രകൃതിവിഭവങ്ങൾ സിൽവർ ലൈനിനായി ഉപയോഗിക്കേണ്ടിവരില്ല എന്നാണ് കണക്കാക്കുന്നത്. പ്രകൃതി വിഭവങ്ങൾ ഏറ്റവും കുറഞ്ഞ അളവിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ പഠനങ്ങൾ നടന്നു വരുന്നുണ്ട്. അവയുടെ കണ്ടെത്തലുകൾ വന്ന ശേഷം മാത്രമേ കൃത്യമായ കണക്ക് ലഭ്യമാകൂ. |
| (ബി) | ഈ വിഷയവുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിൽ ഒരു രാഷ്ട്രീയ കക്ഷിയുടെ നേതൃത്വത്തിൽ കന്യാകുമാരി ജില്ല കേന്ദ്രീകരിച്ച് നടത്തുന്ന പ്രതിഷേധ സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഇല്ല. |
| (സി) | വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി നടത്തുന്ന ക്വാറിയിങ്ങിനെതിരെ തമിഴ്നാട്ടിൽ പ്രത്യേകിച്ച് | (സി) | ഇല്ല. |

| | | | |
|---|---|---|---|
| | കന്യാകുമാരി ജില്ലയിൽ പ്രതിഷേധങ്ങൾ ശക്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ കെ-റെയിലിനാവശ്യമായ പാറ എടുക്കുന്നത് കന്യാകുമാരി ജില്ല ഉൾപ്പെടുന്ന പശ്ചിമഘട്ട പർവത നിരകളിൽ നിന്നാകുമ്പോൾ പ്രതിസന്ധി മൂർച്ഛിക്കാനും ഇരു സംസ്ഥാനങ്ങൾ തമ്മിലുള്ള ബന്ധം വഷളാകാനും സാധ്യതയുണ്ടെന്ന കാര്യം കണക്കിലെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ